## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1572** **31-08-2022 - ൽ മറുപടിയ്ക്ക്**

## കാർഷിക മേഖലയെ ശാക്തീകരിക്കുന്നതിന് അടിസ്ഥാന സൗകര്യ വികസന നിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശാക്തീകരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള അടിസ്ഥാന സൗകര്യ വികസന നിധി എന്ന പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി പദ്ധതിയുടെ പ്രവർത്തനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 05.4.2022-ലും, 21.07.2022-ലും വിശകലനം നടത്തിയിട്ടുണ്ട്. പദ്ധതിയുടെ പൊതുവായ ഏകീകരണം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടത്തുന്നതിനും, ഇത് ബഹു.മുഖ്യമന്ത്രിയുടെ പ്രതിമാസ അവലോകന യോഗത്തിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണ വകുപ്പുകളായ കൃഷി, സഹകരണ വകുപ്പുതലത്തിലും അടിസ്ഥാന സൗകര്യ വികസന നിധിയുടെ വിശകലനം നടത്താറുണ്ട്. കൃഷി ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിന്റെ (PMU) പ്രവർത്തനം കാർഷികോത്പാദന കമ്മീഷണറുടെയും കൃഷി ഡയറക്ടറുടെയും നേതൃത്വത്തിലും വിലയിരുത്താറുണ്ട്. |
| (ബി) | കാർഷിക വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | കാർഷിക വിപണി ശാക്തീകരിക്കൽ പദ്ധതി പ്രകാരം പഴം, പച്ചക്കറി വിപണനത്തിനായി ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | 2021-22 സാമ്പത്തിക വർഷത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിപണി വികസന പദ്ധതി പ്രകാരം പഴം പച്ചക്കറി വിപണനത്തിനായി ശീതീകരണ സംവിധാനമുള്ള 19 വാഹനങ്ങൾ 117.40 ലക്ഷം രൂപ ചെലവിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും മറ്റ് കാർഷിക സംഘങ്ങൾക്കും നൽകുന്നതിനായി സജ്ജീകരിച്ചിട്ടുണ്ട്. 2022-23 |

| | | | |
|---|---|---|---|
| | | | സാമ്പത്തികവർഷത്തിൽ 35 ലക്ഷം രൂപ ഇതിലേക്കായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം.

കൃഷി വകുപ്പ്, വിവിധ പദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോ ഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവ വഴി അതത് ഗ്രാമപഞ്ചായത്തു, ബ്ലോക്കു പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ നേരിട്ട് ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലുള്ള 6 കാർഷിക മൊത്ത വ്യാപാരവിപണികളിലും കർഷകർക്ക് നേരിട്ട് അവരുടെ പച്ചക്കറി ഉൽപ്പന്നങ്ങൾ ന്യായവിലക്കു ലേലത്തിൽ വിറ്റഴിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്.

കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ ആൻഡ് ഫ്രൂട്സ് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK) യുടെ കീഴിൽ സംസ്ഥാനത്ത് ഒട്ടാകെയുള്ള **'സ്വാശ്രയ കർഷക വിപണികൾ'** മുഖേന ന്യായവിലയ്ക്ക് കർഷകരിൽ നിന്നും സംഭരിച്ച് വിപണനം നടത്തി വരുന്നു. കൂടാതെ കൃഷിവകുപ്പ് സംരംഭമായ **'ഹോർട്ടികോർപ്പും'** കർഷകരിൽ നിന്നും പഴം പച്ചക്കറികൾ സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റുകൾ വഴി വിപണനം നടത്തിവരുന്നു.

കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായ വില ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് വിപണി ഇടപെടൽ പദ്ധതി 2016 മുതൽ തുടർച്ചയായി നടപ്പിലാക്കിവരുന്നുണ്ട്. കർഷകർക്ക് മെച്ചപ്പെട്ടവില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള നാടൻ പച്ചക്കറി ലഭിക്കുന്നതിനും ഈ പദ്ധതി വളരെ സഹായകരമാണ്. 2022-23 വർഷത്തെ വിപണി ഇടപെടലിനായി 2200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഹോർട്ടികോർപ്പിന് 1500.00 ലക്ഷം രൂപയും, VFPCK-ക്ക് 100 ലക്ഷം രൂപയും, കേരഫെഡിന് 200 ലക്ഷം രൂപയും, ഉത്സവകാലങ്ങളിലെ വിപണി ഇടപെടലിനായി 400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അപ്രകാരം 2022 ഓണകാലത്തു 2010 ഓണ വിപണികൾ സംഘടിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി **'കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി'** 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നുമുണ്ട്. കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂക്ഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു.

പദ്ധതിപ്രകാരം പഴം പച്ചക്കറികൾ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന അടിസ്ഥാനവിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് DBT യായി നൽകുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപയും 2021-22 വർഷത്തിൽ 9763 കർഷകർക്ക് 7.938 കോടി രൂപയും കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.